പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4275 03.02.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമങ്ങൾ

**ചോദ്യം**

**ശ്രീ. സി. മമ്മൂട്ടി**
**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

സ്വയംപര്യാപ്ത ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. എ.പി.അനിൽ കുമാർ**
**(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

'കില'യുടെ 2009-10 സാമ്പത്തിക വർഷത്തെ സർവ്വെ റിപ്പോർട്ട് പ്രകാരം അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. പ്രസ്തുത പദ്ധതിയിലേയ്ക്ക് കോളനികളെ നിർദ്ദേശിക്കുന്നത് ബന്ധപ്പെട്ട എം. എൽ. എ. മാരാണ്.

നിലവിലുള്ള വ്യവസ്ഥപ്രകാരം 25%,40%,25%,10% എന്നിങ്ങനെ 4 ഗഡുക്കളായാണ് പദ്ധതി നടത്തിപ്പിനുള്ള തുക അനുവദിക്കുന്നത്. ഓരോ പ്രാവശ്യം അനുവദിക്കുന്ന തുകയുടെ 75% ചെലവഴിച്ച് വർക്ക് ബില്ലും, വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കുമ്പോൾ അടുത്ത ഗഡു അനുവദിക്കുന്നു. വർക്ക് പൂർത്തിയാക്കി അന്തിമ ബില്ല് സമർപ്പിക്കുമ്പോൾ അവസാന ഗഡു അനുവദിക്കുന്നു. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ വഴി തുകയുടെ വിനിയോഗം ഉറപ്പുവരുത്തുന്നു.

സെക്ഷൻ ഓഫീസർ